

# ആശ്രയമായി മുറ്റത്തെ മുല്ല




**എസ്. ഹരികിഷോർ ഐ എ എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ


കൊള്ളപ്പലിശക്കാരുടെ പിടിയിൽ നിന്നും സാധാരണക്കാരെ രക്ഷിക്കുകയെന്ന ലക്ഷ്യത്തോടെ കുടുംബശ്രീയും സഹകരണ വകുപ്പും കൈകോർത്ത് നടപ്പാക്കുന്ന പദ്ധതിയാണ് 'മുറ്റത്തെ മുല്ല'. 2018ൽ പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ പദ്ധതി പിന്നീട് പാലക്കാട് ജില്ലയിൽ പൂർണ്ണമായി വ്യാപിപ്പിച്ചു. ഇപ്പോൾ കേരളത്തിലെ 'മുറ്റത്തെ മുല്ല' തുടങ്ങിക്കഴിഞ്ഞു.

പലിശയ്ക്ക് കടം കൊടുക്കുന്നവർ വീടുകളിൽ നേരിട്ടെത്തി പണം നൽകുന്നതിനാൽ ആളുകൾക്ക് ബാങ്കിൽ പോകേണ്ടി വരുന്നില്ല. ഇതിനാൽ പലിശ നോക്കാതെ (24 ശതമാനം നിരക്കിൽ പലിശ വരും) സൗകര്യം നോക്കി ആളുകൾ പണം വായ്പയ്ക്കെടുത്ത് കടക്കെണിയിൽ കുരുങ്ങും. ഈ പ്രശ്നം പരിഹരിക്കാനും മതിയായ വായ്പ ആവശ്യക്കാർക്ക് ലഭ്യമാക്കാനും വേണ്ടി തുടങ്ങിയ നൂതന ആശയമാണ് 'മുറ്റത്തെ മുല്ല'.

‘മുറ്റത്തെ മുല്ല’ പ്രകാരം തൊട്ടടുത്ത സഹകരണ ബാങ്ക്, കുടുംബശ്രീ അയൽക്കൂട്ടത്തിന് പത്ത് ലക്ഷം രൂപ വരെ പണം നൽകുന്നു. ഈ പണം ഉപയോഗിച്ച് അയൽക്കൂട്ടം 12 ശതമാനം പലിശയ്ക്ക് ആവശ്യക്കാർക്ക് വായ്പ നൽകുന്നു. കൃത്യമായ തിരിച്ചടവ് ഉറപ്പാക്കുകയും പണം ബാങ്കിൽ തിരിച്ചടയ്ക്കുകയും ചെയ്യുമ്പോൾ ഈ നടപടിക്രമങ്ങൾ പാലിക്കുന്നതിന് 3 ശതമാനം തുക അയൽക്കൂട്ടത്തിന് സേവന പ്രതിഫലമായി ലഭിക്കുന്നു.

പൈലറ്റടിസ്ഥാനത്തിൽ നടത്തിയപ്പോൾ അയൽക്കൂട്ടാംഗങ്ങളിൽ നിന്നും മികച്ച പ്രതികരണമാണ് മുറ്റത്തെ മുല്ലയ്ക്ക് ലഭിച്ചത്. പാലക്കാട് ജില്ലയിലെ 901 അയൽക്കൂട്ടങ്ങൾ വിവിധ സഹകരണ ബാങ്കുകളിൽ നിന്നും പത്ത് ലക്ഷം രൂപ വീതം തുക ഓവർ ഡ്രാഫ്റ്റായി എടുത്തു. അതേ! ചുരുങ്ങിയ കാലയളവിൽ 78.89 കോടി രൂപ അയൽക്കൂട്ടങ്ങൾക്ക് ബാങ്കുവഴി ലഭ്യമായി. ഈ തുക ഉപയോഗിച്ച് 81.2 കോടി രൂപയുടെ വായ്പ അയൽക്കൂട്ടങ്ങൾ നൽകിക്കഴിഞ്ഞു! മറ്റു ജില്ലകളിലേക്കും കൂടുതൽ അയൽക്കൂട്ടങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുമ്പോൾ കൊള്ളപ്പലിശക്കാരെ ഇല്ലാതാക്കുന്ന വലിയൊരു സാമൂഹ്യമാറ്റവും, അത്യാവശ്യങ്ങൾക്കും ഉപജീവന പ്രവർത്തനങ്ങൾക്കും ആവശ്യമായ തുക അനായാസം ലഭ്യമാക്കുന്നതു വഴി സാധ്യമാകുന്ന സാമ്പത്തികശാക്തീകരണവും ’മുറ്റത്തെ മുല്ല’യിലൂടെ കേരളത്തിന് നൽകാൻ അവർക്ക് സാധിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

■